638
5/2/13

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ (കൈ) നം. 37/2013/പൊവിവ          തിരുവനന്തപുരം, തീയതി: 31.01.2013

പരാമർശം
1) 18.01.2010 ലെ സർക്കാർ ഉത്തരവ് (കൈ)നം. 16/10/പൊ.വി.വ.
2) 13.12.2000ലെ 12912/ടി3/2000/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
3) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 02.01.2012ലെ ഇ3/7823/2011 നമ്പർ നടപടി ക്രമം.
4) 25.01.2012 ലെ മിനിസ്റ്റീരിയൽ സ്റ്റാഫ് ഓർഗനൈസേഷൻ ഓഫ് വി.എച്ച്..എസ്.ഇ പ്രസിഡന്റ് ശ്രീ. ബാബു. ഡി. യുടെ നിവേദനം
5) 02.03.12 ലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ ഇ3/1698/12 നമ്പർ കത്ത്.
6) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 31.05.2012ലെ ഇ3/7558/2012 നമ്പർ നടപടി ക്രമം.
7) 04.01.2013ലെ സർക്കാർ ഉത്തരവ് (സാധ)നം.50/2013/പൊ.വി.വ

## ഉത്തരവ്

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പിലെ 29.07.2006 നോ അതിനു മുൻപോ സർവ്വീസിൽ പ്രവേശിച്ച എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കുന്നതിനും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവായിരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളുടെ വെളിച്ചത്തിൽ പുറപ്പെടുവിച്ച പരാമർശം 2,3,6,7 ഉത്തരവുകൾ പ്രകാരം വിവിധ എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ 21 ക്ലാർക്കുമാരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

2. മേൽ സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ വകുപ്പിലെ മറ്റ് എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരേയും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവാകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള പരാമർശം 4 ലെ നിവേദനം, ബഹു. ഹൈക്കോടതി വിധി പ്രകാരം സംസ്ഥാനത്തെ വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിലെ ചില എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കുകയും

..2..

മറ്റുള്ളവർക്ക് ബാധകമാകാതിരിക്കുകയും ചെയ്യുമ്പോൾ എയ്ഡഡ് മേഖലയിലെ ക്ലാർക്കുമാരുടെ സേവന വ്യവസ്ഥകൾക്ക് ഏകതാ സ്വഭാവം ഇല്ലാതാകുമെന്ന കാരണത്താൽ വി.എച്ച്.എസ്.ഇ ഡയറക്ടർ പരാമർശം 5 ലെ കത്ത് പ്രകാരം അനുകൂല നടപടിക്കായി ശുപാർശ ചെയ്തു സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ക്ലാർക്കുമാരുടെ സേവനവ്യവസ്ഥകൾ ഏതെങ്കിലും പ്രത്യേക സ്റ്റാറ്റ്യൂട്ടറി നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല. അതിനാൽ പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലും പരാമർശം 5-ലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 29.07.2006-നോ അതിന് മുമ്പോ എയ്ഡഡ് മേഖലയിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമനം ലഭിച്ച് അംഗീകരിക്കപ്പെട്ട മുഴുവൻ ലോവർ ഡിവിഷൻ ക്ലർക്കുമാരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിർബന്ധിത ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവാകുന്നു. ഇങ്ങനെ ഒഴിവാക്കപ്പെടുന്ന എൽ.ഡി ക്ലർക്കുമാരുടെ പ്രോബേഷൻ ഡിക്ലയർ ചെയ്തു അനുബന്ധ ആനുകൂല്യങ്ങളായ ഇൻക്രിമെന്റ്, സമയബന്ധിത ഹയർ ഗ്രേഡ് എന്നിവ നൽകാൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

4. 29.07.2006-നു ശേഷം നിയമനം ലഭിച്ച എല്ലാ എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ക്ലർക്കുമാരും വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ ക്ലർക്കുമാർ പാസ്സാകേണ്ട എല്ലാ നിർബന്ധിത ടെസ്റ്റുകളും പാസ്സായിരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എം.തോമസ്**
**ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
ശ്രീ. ബാബു. ഡി, പ്രസിഡന്റ്, മിനിസ്റ്റീരിയൽ സ്റ്റാഫ് ഓർഗനൈസേഷൻ ഓഫ് വി.എച്ച്.എസ്.ഇ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഏ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ